**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെൻറ് & എഞ്ചിനീയറിംഗ് വിംഗ്)**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ : ശ്രീ.ജോൺസൺ കെ )**

വിഷയം : തസ്വഭവ- (എഞ്ചിനീയറിംഗ് വിംഗ്) -ജീവനകാര്യം- ജൂനിയർ സൂപ്രണ്ടുമാരുടെ റേഷ്യോ ഹയർ ഗ്രേഡ് - ഉത്തരവിന് സ്പഷ്ടീകരണം നല്കി ഉത്തരവാകുന്നു.

പരാമർശം : 1 ഈ കാര്യാലയത്തിലെ 06.06.2022-ലെ ഇതേ നമ്പർ ഉത്തരവ്.
2 G.O (P) No. 629/2010/Fin, Dtd. 25.11.2010

**ഉത്തരവ് നം എ 1-1002/13/സിഇ/തസ്വഭവ (Vol.III) തീയതി. 13/07/2022**

ഈ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ റേഷ്യോ ഹയർ ഗ്രേഡ് സൂചന (1) പ്രകാരം അനുവദിച്ച ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് ഹയർ ഗ്രേഡ് കുടിശ്ശികയെ സംബന്ധിച്ച് നിരവധി സംശയങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിൽ താഴെ പറയുന്ന വിധം സ്പഷ്ടീകരണം നടത്തി ഉത്തരവാകുന്നു.

i. KSR പാർട്ട് (1) റൂൾ 23 (സി) പ്രകാരം, നോഷണലായി പ്രൊമോഷൻ തീയതി നിശ്ചയിച്ച നല്കിയിട്ടുള്ള ജീവനക്കാർക്ക് തങ്ങൾ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ റേഷ്യോ ഹയർ ഗ്രേഡ് കുടിശ്ശികയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു.

ii. 27 വർഷത്തെ/4-ാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച കിട്ടിയ ജീവനക്കാർക്ക് റേഷ്യോ ഹയർ ഗ്രേഡ് പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.

ഈ സ്പഷ്ടീകരണ ഉത്തരവിന് മുൻപായി അർഹതയില്ലാത്ത ശമ്പള കുടിശ്ശികകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി ജീവനക്കാർ ആയത് തിരികെ അടക്കേണ്ടതും വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്)

**ചീഫ് എഞ്ചിനീയർ**

പകർപ്പ് :
1 എല്ലാ നിയന്ത്രണാധികാരികൾക്കും (വെബ്സൈറ്റ് മുഖേന തുടർ നടപടികൾക്കായി)
2 കരുതൽ ഫയൽ.

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്